# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

എഫ്1-5144/2019/KHWWB

തീയതി-19/.02/2021

സർക്കുലർ നമ്പർ- 45 /2020-2021

വിഷയം- കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിലെ ജീവനക്കാർക്ക് 01.01.2019 മുതൽ സർക്കാർ പ്രഖ്യാപിച്ച ക്ഷാമബത്ത വർദ്ധനവ് പുതിയ സ്കെയിലിൽ 3% ഉം (ആകെ 23%) 01.07.2019 മുതൽ 5% വർദ്ധനവ് (ആകെ 28% ), 01.01.2020 മുതൽ 4% വർദ്ധനവ് ആകെ 32% 01.07.2020 മുതൽ 4 % വർദ്ധവ് ആകെ 36%. പഴയ സ്കെയിലിൽ 01.01.2019 മുതൽ 127% ആയും; 01.07.2019 മുതൽ 137% ആയും 01.01.2020 മുതൽ 147% ആയും 01.07.2020 മുതൽ 155 %ആയും വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന- 1) 08.02.2021 തീയതിയിലെ ജി.ഒ.(പി) നമ്പർ 25/2021/ധന നമ്പർ ഉത്തരവ്.
2) കേരള ചുമട്ടുതൊഴിലാളി ചട്ടം -1981 ചട്ടം 15(സി).

മേൽ സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം , സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത .01.01.2019 മുതൽ പുതിയ സ്കെയിലിൽ 3% ഉം (ആകെ 23%) 01.07.2019 മുതൽ 5% വർദ്ധനവ് (ആകെ 28% ), 01.01.2020 മുതൽ 4% വർദ്ധനവ് ആകെ 32% 01.07.2020 മുതൽ 4 % വർദ്ധവ് ആകെ 36%. ( പഴയ സ്കെയിലിൽ 01.01.2019 മുതൽ 127% ആയും, 01.07.2019 മുതൽ 137% ആയും 01.01.2020 മുതൽ 147% ആയും 01.07.2020 മുതൽ 155 %ആയും വർദ്ധിപ്പിച്ചും) പുതിയ ക്ഷാമബത്ത 2021 മാർച്ച് മാസത്തെ ശമ്പളത്തോടൊപ്പം പണമായി നൽകുവാനും 01.01.2019 മുതൽ 28.02.2021 വരെയുള്ള കുടിശ്ശിക പി.എഫ്.ലേയ്ക്ക് ലയിപ്പിക്കുവാനും ഉത്തരവായിട്ടുണ്ട്. പി.എഫ്. അക്കൗണ്ട് ഇല്ലാത്ത ജീവനക്കാർക്കും പണമായി നൽകുന്നതിനും ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിലെ ജീവനക്കാർക്കും (പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ ഉൾപ്പെടെ) 01.01.2019 മുതൽ പുതിയ സ്കെയിലിൽ 3% ഉം (ആകെ 23%) 01.07.2019 മുതൽ 5% വർദ്ധനവ് (ആകെ 28% ), 01.01.2020 മുതൽ 4% വർദ്ധനവ് ആകെ 32% 01.07.2020 മുതൽ 4 % വർദ്ധവ് (ആകെ 36%.), (പഴയ സ്കെയിലിൽ 01.01.2019 മുതൽ 127% ആയും, 01.07.2019 മുതൽ 137% ആയും 01.01.2020 മുതൽ 147% ആയും 01.07.2020 മുതൽ 155 %ആയും ക്ഷാമബത്ത വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു. പുതിയ ക്ഷാമബത്ത 2021 മാർച്ച് മാസത്തെ ശമ്പളത്തോടൊപ്പം പണമായി വിതരണം

നടത്തേണ്ടതുമാണ്. ഫെബ്രുവരി 2021 വരെയുള്ള കുടിശ്ശിക സി.പി.എഫിൽ ലയിപ്പിക്കേണ്ടതാണ്. സി.പി.എഫ്. അക്കൗണ്ടിന് അർഹതയില്ലാത്ത ജീവനക്കാർക്ക് പണമായി നൽകാവുന്നതാണ്. ബോർഡിൽ നിന്നും ടി കാലയളവിൽ വിരമിച്ച ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക അതാത് ഓഫീസിൽ നിന്നും വിതരണം ചെയ്യേണ്ടതാണ്. ഗ്രാറ്റുവിറ്റി കുടിശ്ശിക,ടെർമിനൽ സറണ്ടർ കുടിശ്ശിക എന്നിവ ഉണ്ടെങ്കിൽ ആയത് കണക്കാക്കി ആസ്ഥാന ഓഫീസിൽ നിന്നും വിതരണം ചെയ്യാവുന്നതാണ്.

മേൽ ഖണ്ഡിക പ്രകാരം ലയിപ്പിച്ച ഡി.എ.അരിയർ സി..പി.എഫ്. അക്കൗണ്ടിൽ നിന്ന് താഴെ പറയുന്ന പ്രകാരം മാത്രമേ പിൻവലിക്കുവാൻ സാധിക്കുകയുള്ളൂ.

| D.A. Rate | Due From | Withdrawals date |
|---|---|---|
| 3% | 01/01/2019 | 01/04/2023 or after retirement |
| 5% | 01/07/2019 | 01/09/2023 or after retirement |
| 4% | 01/01/2020 | 01/04/2024 or after retirement |
| 4% | 01/07/2020 | 01/09/2024 or after retirement |

ജില്ലാ കമ്മിറ്റി ചെയർമാൻ, കമ്മിറ്റിയ്ക്ക് കീഴിലുള്ള എല്ലാ ഉപകാര്യാലയങ്ങൾക്കും ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾക്കായി അടിയന്തിര നിർദ്ദേശം നൽകേണ്ടതും, സർക്കുലറിന്റെ പകർപ്പ് അറിവിലേയ്ക്കായി സർക്കുലേറ്റ് ചെയ്യേണ്ടതുമാണ്.മറ്റ് നിബന്ധനകൾ സൂചന (1) സർക്കാർ ഉത്തരവിന് അനുസൃതമായി നടപ്പിലാക്കേണ്ടതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ്

(ഇൻചാർജ്ജ്)

പകർപ്പ്

1) എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻ, സെക്രട്ടറി, എ.ഒ (ആമുഖ കത്ത് സഹിതം)
2) ബോർഡിലെ എഫ്.ഒ, എല്ലാ എ.ഒ മാർക്കും, ജെ.എസ്./എച്ച്.സി മാർക്കും
3) എല്ലാ ബോർഡ് ജീവനക്കാർക്കും (ചെയർമാൻ മുഖാന്തിരം)
4) വെബ്സൈറ്റിലേയ്ക്ക്
5) നോട്ടീസ് ബോർഡിലേയ്ക്ക്
6) സ്റ്റോക്ക് ഫയൽ

//ഉത്തരവിൻ പ്രകാരം//

Jayaprakash

ജൂനിയർ സൂപ്രണ്ട്